# പതിമൂന്നാം കേരള നിയമസഭ

12-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2178 08.12.2014-ന് മറുപടിയ്ക്ക്**

## തീപ്പെട്ടിക്കൊള്ളി കമ്പനികളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ. വി.പി. സജീന്ദ്രൻ

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയിരത്തി അഞ്ഞൂറോളം വരുന്ന തീപ്പെട്ടിക്കൊള്ളി കമ്പനികളിൽ അവശേഷിക്കുന്ന 400ൽ താഴെ കമ്പനികൾക്ക് ആവശ്യമായ പെരുമരം (മട്ടി മരം) ലഭ്യമല്ലാത്തതിനാൽ ഈ ഫാക്ടറികൾ പൂട്ടൽ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ, തീപ്പെട്ടിക്കമ്പനികൾക്ക് അവശ്യം വേണ്ട അസംസ്കൃത വസ്തുവായ മട്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) തീപ്പെട്ടിക്കമ്പനികൾക്ക് അവശ്യം വേണ്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മട്ടി, പാല, ഇലവ് എന്നീ മരങ്ങളെ അവശ്യസാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ കൊണ്ടുവരിക, പ്രസ്തുത മരങ്ങൾ സംസ്ഥാനത്തിന് വെളിയിലേക്ക് കടത്തുന്നത് നിരോധിക്കുക തുടങ്ങിയ ആവശ്യങ്ങളിന്മേൽ പഠനം നടത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ 262/2014/വനം, 12.06.2014 പ്രകാരം ശ്രീ. സി.ജെ.ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്), ശ്രീ. മാമൻ, സയന്റിസ്റ്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരെ നിയോഗിച്ചിട്ടുണ്ട്.

(സി) നിലവിൽ പൂട്ടിക്കിടക്കുന്ന തീപ്പെട്ടിക്കൊള്ളി കമ്പനികളിൽ പണിയെടുത്തിരുന്ന ഇരുപതിനായിരത്തോളം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്കും, ഇപ്പോൾ പൂട്ടൽ ഭീഷണി നേരിടുന്ന കമ്പനികളിലെ പതിനായിരത്തോളം വരുന്ന തൊഴിലാളികൾക്കും തൊഴിൽ സംരക്ഷണം ഏർപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച നിവേദനം ലഭിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനംവകുപ്പ് മന്ത്രിതലത്തിൽ 27.08.2006-ലും 19.09.2008-ലും കൂടിയ ഉന്നതതല യോഗത്തിലെടുത്ത തീരുമാനപ്രകാരം മട്ടി, പാല എന്നീ മരങ്ങൾ അവശ്യസാധന നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തണമെന്നുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനംവകുപ്പ് മന്ത്രിതലത്തിൽ 27.08.2006, 19.09.2008 എന്നീ തീയതികളിൽ നടന്ന യോഗ നടപടിക്കുറിപ്പ് പ്രകാരം തടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ആവശ്യമാണോ എന്ന വിഷയമാണ് പരിശോധിക്കാൻ തീരുമാനിച്ചിരുന്നത്. |
| (ഇ) | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 04.05.2010-ലെ പ്രോ(4)2849/2008 കത്ത് പ്രകാരം പാല, മട്ടി എന്നീ ഇനം മരങ്ങൾ 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ള ശിപാർശ അംഗീകരിച്ചിട്ടുണ്ടോ; | (ഇ) | അംഗീകരിച്ചിട്ടില്ല. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം കേരള സ്റ്റേറ്റ് മാച്ച് സ്പ്ലിന്റ് ആൻഡ് വിന്നേഴ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ നൽകിയ നിവേദനങ്ങൾ പരിഗണിച്ചിട്ടുണ്ടോ; | (എഫ്) | പരിഗണിച്ചിട്ടുണ്ട്. |
| (ജി) | ഈ വ്യവസായത്തിനുണ്ടായിട്ടുള്ള അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിനും, ഇതിനുവേണ്ട പരിഹാരങ്ങൾ കണ്ടെത്തുന്നതിനും വേണ്ടി ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ, കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പല ചെറുകിട വ്യവസായങ്ങൾക്കും അർഹിക്കുന്ന സംരക്ഷണം കിട്ടാത്തതിനാൽ ഇത്തരം വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് പറിച്ചുമാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ജി) | പാല, മട്ടി, ഇലവ് എന്നീ ഇനം മരങ്ങളെ അവശ്യ സാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ കൊണ്ടുവരിക, പ്രസ്തുത മരങ്ങൾ സംസ്ഥാനത്തിന് വെളിയിലേക്ക് കടത്തുന്നത് നിരോധിക്കുക തുടങ്ങിയ കേരള സ്റ്റേറ്റ് മാച്ച് സ്പ്ലിന്റ് ആൻഡ് വിന്നേഴ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷന്റെ ആവശ്യങ്ങളിന്മേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ 262/2014/വനം, തീയതി 12.06.2014 പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചെറുകിട വ്യവസായങ്ങൾക്കും അർഹിക്കുന്ന സംരക്ഷണം കിട്ടാത്തതിനാൽ ഇത്തരം വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് പറിച്ചുമാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ